**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഴക്കെടുതി - സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾ - ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ - നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (കൈ) നം.**114/2018/തസ്വഭവ.** തീയതി, തിരുവനന്തപുരം,**17/08/2018.**

---

പരാമർശം :- സ.ഉ(കൈ) നം. 13/2018 ദു.നി.വ തീയതി 16/08/2018.

**ഉത്തരവ്**

സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലം നാശനഷ്ടങ്ങളുണ്ടായ സാഹചര്യത്തിൽ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ തുടർച്ചയായി ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മഴക്കെടുതിയിലും വെള്ളപ്പൊക്കത്തിലുംപെട്ട് വീടുകളിലും മറ്റ് കെട്ടിടങ്ങളിലും കുടുങ്ങപ്പോയിട്ടുള്ള ആൾക്കാർക്ക് ഭക്ഷണ സാധനങ്ങൾ എത്തിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി, മുൻസിപ്പാലിറ്റി ചെയർമാൻ / സെക്രട്ടറി, കോർപ്പറേഷൻ ചെയർമാൻ / സെക്രട്ടറിമാർ നേതൃത്വം വഹിക്കേണ്ടതാണ്.

2. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടതും ഇത് ഡ്യൂട്ടിയുടെ ഭാഗമായി തന്നെ പരിഗണിക്കുന്നതുമാണ്. അടിയന്തിര ഘട്ടങ്ങളിലല്ലാതെ ജീവനക്കാർക്ക് അവധി അനുവദിക്കേണ്ടതില്ല.

3. ദുരന്ത നിവാരണത്തിന്റെ ഭാഗമായി ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് കഴിയുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒഴിവാക്കി കല്യാണമണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ, സൗകര്യപ്രദമായ മറ്റു ഹാളുകൾ മുതലായവ കണ്ടെത്തി വാടകയ്ക്കെടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ സഹായിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
റവന്യൂ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പി.എസിന്
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ